**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2722** **14-09-2023 - ൽ മറുപടിയ്ക്ക്**

**പെൻഷൻകാരുടെ മെഡിസെപ്പ് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ്പ് പദ്ധതിയിൽ പെൻഷൻകാരോട് വിവേചനം കാണിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ജീവനക്കാർക്കും പെൻഷൻകാർക്കും ഒരേ പ്രീമിയം ആണെന്നിരിക്കെ പെൻഷൻകാർക്ക് നൽകുന്ന ആനുകൂല്യത്തിൽ കുറവ് വരുത്താനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | 23.06.2022 ലെ സ.ഉ.(പി) നം. 70/2022/ധന ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ നടപ്പിലാക്കിയ 'മെഡിസെപ്' പദ്ധതിയിൽ ജീവനക്കാർക്കും പെൻഷൻകാർക്കും ലഭ്യമാകുന്ന ഇൻഷ്വറൻസ് പരിരക്ഷ ഒന്നുതന്നെയാണ്. പദ്ധതിയിലുൾപ്പെട്ട ചികിത്സാ പാക്കേജുകളുടെ നിരക്കിലോ വാർഷിക പരിരക്ഷാ നിരക്കിലോ ജീവനക്കാർ, പെൻഷൻകാർ എന്നിങ്ങനെയുള്ള വേർതിരിവ് ഇല്ല. അതുകൊണ്ട് തന്നെ ഒരേ രീതിയിലുള്ള ചികിത്സാ ആനുകൂല്യങ്ങൾ തന്നെയാണ് ജീവനക്കാർക്കും പെൻഷൻകാർക്കും പ്രസ്തുത പദ്ധതിയിൽ നിന്നും ലഭിക്കുന്നത്. |
| (സി) | പങ്കാളികൾ രണ്ടുപേരും പെൻഷൻകാർ ആണെങ്കിൽ രണ്ടുപേരിൽ നിന്നും പ്രീമിയം തുക ഈടാക്കുന്ന വ്യവസ്ഥ റദ്ദാക്കണമെന്ന ആവശ്യം നിരാകരിച്ചിട്ടുണ്ടോ; | (സി) | ഇല്ല. പങ്കാളികൾ രണ്ടുപേരും പെൻഷൻകാർ ആണെങ്കിൽ രണ്ടുപേർക്കും കൂടി പ്രതിവർഷം 6 ലക്ഷം രൂപയുടെ ആനുകൂല്യം ലഭ്യമാകുന്നതാണ്. |
| (ഡി) | ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാൻ അർഹതയുള്ളവരിൽ നിന്നും ആദ്യം തുക അടയ്ക്കാൻ ആവശ്യപ്പെടുന്നതായ പരാതികൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ഉണ്ടായിട്ടുണ്ട്. ഇത്തരം പരാതികൾ പരിഹരിക്കുന്നതിനായി ഇൻഷ്വറൻസ് കമ്പനിയുമായി സർക്കാർ നടത്തുന്ന ദ്വൈവാര അവലോകനയോഗങ്ങളിൽ ചർച്ച ചെയ്യുകയും പ്രസ്തുത ആശുപത്രികളെ നിശ്ചിത കാലയളവിൽ മെഡിസെപ് -ൽ നിന്നും സസ്പെൻഡ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങളുള്ള Standard Operating Procedure (SOP) പുറപ്പെടുവിച്ച് നടപടി സ്വീകരിക്കാൻ ഇൻഷ്വറൻസ് കമ്പനിയ്ക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ